©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ആഗസ്റ്റ് 3<br>3rd August 2021<br>1196 കർക്കടകം 18<br>18th Karkadakam 1196<br>1943 ശ്രാവണം 12<br>12th Sravana 1943 | നമ്പർ<br>No. | 31 |

# PART III
# Forest Department

### റാന്നി ഡിവിഷൻ

#### ഇ-ലേലപ്പരസ്യം

നമ്പർ ജി2-3910/2021. 2021 ജൂലൈ 20.

റാന്നി ഡിവിഷനിൽ ഗൂഡ്രിക്കൽ റെയിഞ്ചിൽ കൊച്ചുകോയിക്കൽ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതും കോന്നി താലൂക്കിൽ സീതത്തോട് വില്ലേജിൽ കക്കാട് ഫോറസ്റ്റ് സ്റ്റേഷനു സമീപമുള്ള കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള (ഫുഡ് പ്രൊഡക്ഷൻ ഏരിയ) 707/1 സർവ്വേ നമ്പരിലുള്ള സ്ഥലത്ത് ട്രാൻസ്ഗ്രിഡ് 2.0-ശബരി പാക്കേജ് പദ്ധതിയുടെ ഭാഗമായി 220/110 കെ. വി. കക്കാട് സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി ഉദ്ദേശിക്കുന്ന സ്ഥലത്ത് നിൽക്കുന്ന സോഫ്റ്റ്വുഡ് ഇനത്തിൽപ്പെട്ട വിവിധ ഇനം മരങ്ങൾ നിൽപ്പു മരങ്ങളായി മുറിച്ച് ശേഖരിച്ച് നീക്കം ചെയ്ത് കൊണ്ടുപോകുന്നതിനുള്ള അവകാശം 26-8-2021-ന് എം. എസ്. ടി. സി. മുഖേന ഇ-ഓക്ഷൻ ചെയ്ത് വിൽക്കുന്നതായിരിക്കും. എം. എസ്. റ്റി. സി.-യിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 04735-227558 എന്ന നമ്പരിലോ 8547600890 എന്ന നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

പ്ലാന്റേഷന്റെ/സ്ഥലത്തിന്റെ പേര്—കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള (ഫുഡ് പ്രൊഡക്ഷൻ ഏരിയ) 707/1 സർവ്വേ നമ്പരിലുള്ള സ്ഥലത്ത് 220/110 കെ. വി. കക്കാട് സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി ഉദ്ദേശിക്കുന്ന സ്ഥലം.

ഇനം—പൂവാക, അരണമരം, വാളൻ പുളി, പേര, ബദാം, ഉതി, തേരകം, റബ്ബർ, പന, പാല, കമുക്, തൊണ്ടി, കടപ്ലാവ്, അരയാഞ്ഞിലി, ആഞ്ഞിലി, ഇലവ്, വട്ട, വയണ, വെട്ടി, മടുക്ക, മഹാഗണി, വേപ്പ്.

മരങ്ങളുടെ എണ്ണം—117.

പ്രതീക്ഷിക്കുന്ന അളവ്—Timber–67.251m$^3$, Firewood–40MT.

നിരതദ്രവ്യം—₹ 10,000.

ഇ-ലേലം കൊള്ളുന്നതിനുള്ള തീയതിയും സമയവും—26-8-2021 രാവിലെ 11 മണി മുതൽ 3 മണി വരെ.

കരാർ കാലാവധി—ലേല സ്ഥിരീകരണം അറിയിക്കുന്ന തീയതി മുതൽ 45 ദിവസം വരെ.

Gaz. No. 31/2021/DTP (Forest).

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 11-12-2012-ലെ പ്രൊ. (5)-26274/12-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ ലേല വ്യവസ്ഥകൾക്കും നിൽപ്പുമരങ്ങളുടെ വിൽപ്പന സംബന്ധിച്ച് നിലവിലുള്ള മറ്റ് വ്യവസ്ഥകൾക്കും കൂടാതെ താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ലേലം. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ 25-8-2021 വൈകിട്ട് 5 മണിക്കു മുമ്പായി നിരതദ്രവ്യം അടച്ചിരിക്കണം. ഈ തുക ഓൺലൈൻ മുഖേനയോ, ഡി. ഡി. മുഖേനയോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി ഡിവിഷന്റെ പേരിൽ അടയ്ക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ഇ-ഓക്ഷനിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുമ്പായി മരങ്ങൾ കണ്ട് പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും അവ സംബന്ധിച്ച് യാതൊരു പരാതികളും ലേലത്തിനുശേഷം പരിഗണിക്കുന്നതുമല്ല.

വിജയിക്കുന്ന ലേലക്കാരൻ ലേല സ്ഥിരീകരണ കത്ത് ലഭിച്ച് 7 ദിവസത്തിനകം ലേല വിലയുടെ 35% തുക ഒടുക്കേണ്ടതാണ്. ഈ തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേന അടയ്ക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

ലേലം കൊണ്ട ആൾക്ക് പ്രസ്തുത സ്ഥലത്ത് എന്യൂമറേറ്റ് ചെയ്ത് നിർത്തിയിരിക്കുന്ന മരങ്ങൾക്കുമാത്രം അവകാശമുള്ളതും മറ്റ് മരങ്ങൾക്ക് അവകാശം ഇല്ലാത്തതുമാകുന്നു.

വിജയിയായ ലേലക്കാരൻ നിലവിലുള്ള നിരക്കിൽ ചരക്കു സേവന നികുതി, വനവികസന നികുതി, വരുമാന നികുതി എന്നിവയും ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയുടെ മൂന്നിൽ ഒന്നും, മൊത്തം തുകയുടെ 5% വനവികസന നികുതിയും, നിലവിലുള്ള നിരക്കിൽ ചരക്കുസേവന നികുതി, വരുമാന നികുതി എന്നിവകളും ഒടുക്കി മൊത്തം ലേലത്തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റും വച്ച് ₹ 200-ന്റെ മുദ്രപത്രത്തിൽ ഉടമ്പടി വെയ്ക്കേണ്ടതുമാണ്. 15 ദിവസത്തിനുള്ളിൽ ടി തുകകൾ ഒടുക്കാതിരുന്നാൽ 12% പലിശയോടുകൂടി തുകകൾ ഒടുക്കുന്നതിന് 15 ദിവസത്തെ സമയവും, 24% പലിശയോടുകൂടി 15 ദിവസത്തെ സമയവും യുക്തം പോലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. ഈ കാലാവധിക്കുള്ളിലും തുക ഒടുക്കാതെ വന്നാൽ കൊല്ലം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ യുക്തം പോലെ 24% പലിശ നിരക്കിൽ 15 ദിവസത്തേക്കും വീണ്ടും 48% പലിശനിരക്കിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അവർകളുടെ യുക്തം പോലെ 15 ദിവസത്തേക്കും സമയം അനുവദിക്കാവുന്നതാണ്. എന്നാൽ മുകളിൽ പറഞ്ഞ സമയപരിധികളെല്ലാം കരാർ കാലാവധിക്കുള്ളിലായിരിക്കും.

ബാക്കിയുള്ള മൂന്നിൽ രണ്ട് ലേലത്തുക രണ്ട് തുല്യ ഗഡുക്കളായി ഒടുക്കേണ്ടതാണ്. ആദ്യ ഗഡു കരാർ തീയതി മുതൽ 15 ദിവസത്തിനകവും രണ്ടാംഗഡു കരാർ തീയതി മുതൽ ഒരു മാസത്തിനകമോ കരാർ കാലാവധിക്കകമോ ഏതാണോ ആദ്യം ആ കാലാവധിക്കുള്ളിലും ഒടുക്കേണ്ടതാണ്. ടി കാലാവധിക്കുള്ളിൽ പണമൊടുക്കുവാൻ കഴിയാതെ വന്നാൽ 12% പലിശനിരക്കിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 15 ദിവസത്തേക്കും 24% പലിശ നിരക്കിൽ കൊല്ലം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് യുക്തം പോലെ 30 ദിവസത്തേക്കും വീണ്ടും 30 ദിവസത്തേക്ക് 48% പലിശ നിരക്കിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അവർകളുടെ യുക്തം പോലെയും കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്. എന്നാൽ നീട്ടിക്കൊടുക്കുന്ന കാലാവധികളെല്ലാം തന്നെ കരാർ കാലാവധിക്കുള്ളിലായിരിക്കും.

കരാർ കാലാവധി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 45 ദിവസമാണ്.

ടി കാലാവധിക്കുള്ളിൽ മുറിച്ച് നീക്കം ചെയ്യാത്ത മരങ്ങൾ കണ്ടുകെട്ടി സർക്കാരിലേക്ക് മുതൽകൂട്ടുന്നതും കരാറുകാരന് ആയതിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. കരാറുകാരൻ ചെയ്തു തീർക്കാനുള്ള ജോലികൾ വകുപ്പ് ചെയ്യിക്കുന്നതും ആയതിൽവച്ചുണ്ടാകുന്ന മുഴുവൻ ചിലവുകളും കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

മുറിച്ചുമാറ്റിയ മരങ്ങൾ സ്ഥലത്തുനിന്നും നീക്കം ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നത്, ലേലതുകയും നികുതികളും പൂർണ്ണമായും അടച്ചതിനുശേഷം മാത്രമായിരിക്കും. നിലവിലുള്ള നിയമങ്ങളും ബാധകമായിരിക്കും. മുറിച്ച മരങ്ങൾ സ്ഥലത്തുനിന്നും നീക്കം ചെയ്യുന്നതിന് വനം വകുപ്പിൽ നിന്ന് പാസ്സ് കരാറുകാരൻ ലഭ്യമാക്കേണ്ടതാണ്. ലേലക്കാരൻ കാലാവധി തീരുന്നതുവരെ എല്ലാ സമയവും ലേല സ്ഥലത്ത് ഉണ്ടായിരിക്കേണ്ടതാണ്. യാതൊരു കാരണവശാലും സ്ഥാവര ജംഗമ വസ്തുക്കൾക്കോ, മറ്റ് മരങ്ങൾക്കോ നാശനഷ്ടങ്ങൾ വരുത്താൻ പാടില്ല. അങ്ങനെ ഉണ്ടാകുന്നപക്ഷം നഷ്ടത്തിന് കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്. മരങ്ങൾ നിൽക്കുന്ന സ്ഥലത്തിന്റെ 0.4 കി. മീറ്റർ ചുറ്റളവിൽ സംഭവിക്കുന്ന എല്ലാവിധ കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയാകുന്നതാണ്. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടുന്നതാണ്. കരാറുകാരന്റെ സെക്യൂരിറ്റി തുക കാലാവധിക്കുശേഷം തിരിച്ചു നൽകുന്നതാണ്. എന്നാൽ സർക്കാരിലേക്ക് ബാദ്ധ്യതകൾ വല്ലതുമുണ്ടെങ്കിൽ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്. മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിനിടയിൽ സർക്കാരിനോ സ്വകാര്യ വ്യക്തികൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും കരാറുകാരന്റെ ജോലിക്കാർ, പൊതുജനങ്ങൾ എന്നിവർക്ക് സംഭവിക്കുന്ന അപകട മരണം എന്നിവയ്ക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.

നികുതി നിരക്കുകളിലും മറ്റ് സർക്കാർ ഫീസുകളിലും കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന വർദ്ധനവിന് അനുസരിച്ച് തുക ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

ഇ-ഓക്ഷൻ സംബന്ധിച്ച് എം. എസ്. റ്റി. സി. പുറപ്പെടുവിച്ചിട്ടുള്ള പൊതു നിയമങ്ങളും നടപടിക്രമങ്ങളും ടി ലേലത്തിന് ബാധകമായിരിക്കും.

ഇ-ഓക്ഷൻ നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്. എൽ. & ആർ.) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.) തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിന് ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്ന തുമാണ്. മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദു ചെയ്യുന്ന തിനുള്ള അധികാരം റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ഇ-ഓക്ഷൻ സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസങ്ങളിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ—dforanni@gmail.com

ഫോൺ ഡിവിഷൻ ഓഫീസ്—04735 227558.

ഗൂഡ്രിക്കൽ റെയ്ഞ്ച് ഓഫീസർ—8547600890.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം, റാന്നി ഡിവിഷൻ, റാന്നി.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.
(കേരള ഗവർണ്ണർക്കുവേണ്ടി)

---

## മറയൂർ ചന്ദന ഡിവിഷൻ

### ഇ-ലേല പരസ്യം

നമ്പർ എ-3997/2020. 2020 ജൂലൈ 8.

മറയൂർ ചന്ദന ഡിവിഷനിലെ മറയൂർ, കാന്തല്ലൂർ റെയിഞ്ചു കളിലെ വിവിധ വനകുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് കസ്റ്റഡിയിൽ എടുത്ത് 1961-ലെ കേരള വനനിയമം സെക്ഷൻ 61(A) പ്രകാരം നടപടികൾ പൂർത്തിയാക്കി സർക്കാർ ബന്തവസ്സിൽ സൂക്ഷിച്ചു വരുന്ന താഴെ പറയുന്ന വാഹനങ്ങൾ MSTC പുറപ്പെടുവിച്ചിട്ടുള്ള ലേല നിബന്ധനകൾക്കും സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ 25-8-2021-ാം തീയതിയിൽ ഇ-ലേലം വഴി വില്പന നടത്തുന്നതാണ്. ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കു കയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേല പ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Help Desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി വാഹനങ്ങളുടെ ഗുണനിലവാരം നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഈ വിഞ്ജാപന തീയതിക്കു മുമ്പായി ദർഘാസ്/ലേലം സംബന്ധമായ സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും. വാഹനത്തിന്റെ ആർ. സി. ബുക്ക് ലഭ്യമല്ലാതായൽ ലേലക്കാരൻ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ഡ്യൂപ്ലിക്കേറ്റ് ആർ. സി. ബുക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ലേലം സംബന്ധിച്ച് വനം വകുപ്പിൽ നിലവിലുള്ള പൊതു നിയമങ്ങളും മറ്റ് നടപടി ക്രമങ്ങളും ഇ-ലേലത്തിന് ബാധകമായിരിക്കും.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ₹ 10,000 വീതം ഓരോ വാഹനത്തിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ട് തലേ ദിവസം രാവിലെ 11 മണിക്ക് മുമ്പായി മറയൂർ ചന്ദന ഡിവിഷൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഈ ഓഫീസിൽ ഹാജരാക്കണം. ലേലത്തിൽ പങ്കെടുക്കുന്നയാളുടെ MSTC രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടു ത്തിയിരിക്കണം. നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. **വിജയിയായ ലേലക്കാരൻ ലേല സ്ഥിരീകരണ ഉത്തരവ് കിട്ടി 30 ദിവസത്തിനകം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മറയൂറിന്റെ പേരിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ കാന്തല്ലൂർ ശാഖയിൽ മാറാവുന്ന രീതിയിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മറയൂരിന്റെ പേരിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ കാന്തല്ലൂർ ശാഖയിലുള്ള 423501010033053** (IFSC : UBIN 0542351) എന്ന അക്കൗണ്ടിൽ പണമായോ മുഴുവൻ തുകയും അടച്ച് വാഹനം സ്വന്തം നിലയ്ക്ക് നീക്കം ചെയ്യേണ്ടതാണ്. ടി സമയപരിധിക്കകം നീക്കം ചെയ്യാത്ത വാഹനങ്ങൾക്ക് വനം വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ തറവാടക ഈടാക്കുന്നതായിരിക്കും. വിജയിയായ ലേലക്കാരൻ നിയമാനുസൃതമായ ജി. എസ്. റ്റി./മറ്റ് നികുതികൾ/ഫീസുകൾ എന്നിവ അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കും. ടി ലേലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏത് വാഹനവും ലേലത്തിൽ നിന്നോ, വാഹനം വിട്ടുനൽകുന്നത് വരെയുള്ള കാലയളവിനിടയിലോ കാരണം കൂടാതെ ഒഴിവാക്കുന്നതിനും വിൽക്കാതിരിക്കുന്നതിനും വിട്ടു നൽകാതിരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം മറയൂർ ചന്ദന ഡിവിഷൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | റെയിഞ്ച് | വാഹനത്തിന്റെ വിവരങ്ങൾ | വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കാന്തല്ലൂർ | KL- 11-G-7008 Maruti 800 Car | മറയൂർ ചന്ദന ഡിപ്പോ കോമ്പൗണ്ട് |
| 2 | കാന്തല്ലൂർ | KL-07 BU-7507 Ranault Fluence Car | ,, |
| 3 | കാന്തല്ലൂർ | KL-53 J-4758 Royal Enfield Bullet bike | |
| 4 | കാന്തല്ലൂർ | TN-38-BX-1558 TVS, Apache bike | ,, |
| 5 | കാന്തല്ലൂർ | KL-18 D-4500 Maruthi SX4 Car | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | കാന്തല്ലൂർ | KL-68-09 Yamaha Bike | മറയൂർ ചന്ദന ഡിപ്പോ കോമ്പൗണ്ട് |
| 7 | കാന്തല്ലൂർ | TN-78 W-1984 TVS Apache bike | ,, |
| 8 | കാന്തല്ലൂർ | KL-10 AJ-3644 Activa Scooter | ,, |
| 9 | കാന്തല്ലൂർ | KL-06 E-7419 Ape Auto Rickshaw | ,, |
| 10 | മറയൂർ | TN 01-AQ-7497 Hero Maestro two Wheeler | ,, |
| 11 | മറയൂർ | KL-01-Z-4305 Hundai Santro Car | ,, |
| 12 | മറയൂർ | KL-14-P-9191 Hundai i20 Car | ,, |

ഇ-ലേല പ്രമാണങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി—11-8-2021.

ലേല തീയതി—25-8-2021.

ടി ദിവസം ലേലം നടക്കാതെ വരികയാണെങ്കിൽ 1-9-2021, 2-9-2021, 8-9-2021 എന്നീ തീയതികളിൽ ലേലം നടത്തുന്നതായിരിക്കും.

ഈ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ www.mstcecommerce.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ ലേലനിബന്ധനകൾ MSTC ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ ലേലം സംബന്ധിച്ച് MSTC പുറപ്പെടുവിക്കുന്ന പൊതു നിയമങ്ങളും മറ്റ് നടപടിക്രമങ്ങളും ഇ-ലേലത്തിന് ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ (04865 252988) മറയൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നോ (04865 252378), കാന്തല്ലൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നോ (04865 252902) പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.
(കേരള ഗവർണ്ണർക്കുവേണ്ടി)

മറയൂർ ചന്ദന ഡിവിഷൻ,
മറയൂർ.

---

## മണ്ണാർകാട് ഡിവിഷൻ

### ഇ-ലേല പരസ്യം

നമ്പർ എ2-7395/2016. 2021 ജൂലൈ 26.

മണ്ണാർക്കാട് ഡിവിഷൻ പരിധിയിലെ വിവിധ ഒ. ആർ. കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതും കേരള വനം നിയമം 1961 Section 61 (A) പ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടിയതും കണ്ടം ചെയ്തതുമായ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന വാഹനങ്ങൾ MSTC മുഖേന 2021 ആഗസ്റ്റ് 6-ന് ഇ-ലേലം നടത്തുന്നതായിരിക്കും. MSTC Ltd. കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 8547602309, 8547602308, 04924222574 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

പട്ടിക

| ക്രമ നമ്പർ | വാഹന ഇനം | രജിസ്റ്റർ നമ്പർ | നിരതദ്രവ്യം ₹ | റിമാർക്ക്സ് |
|---|---|---|---|---|
| 1 | Chevrolet Beat LS Car | TN41-AB-9894 | 2,125 | 61(A) പ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടിയ വാഹനം |
| 2 | TATA ACE | KL-50-6815 | 1,200 | |
| 3 | TATA ACE | KL-50-6816 | 1,100 | |
| 4 | Hundai Santro Car | KL-09-AD-9239 | 500 | |
| 5 | Bajaj Pulsar Motor Cycle | KL-50C-5271 | 540 | |
| 6 | Yamaha Raz | KL-50G-589 | 975 | |
| 7 | Yamaha Raz | KL-50-F-2410 | 750 | |
| 8 | Bajaj Platina Bike | KL-52-8576 | 175 | |
| 9 | Maruti Alto Car | KL-50-H-8824 | 8,625 | |
| 10 | Maruti Ertiga | KL-13-AA-313 | 11,750 | |

ഇ-ലേല പ്രമാണങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി—2-8-2021.

ലേല തീയതി—6-8-2021.

അടുത്ത ലേല തീയതി—17-8-2021.

അടുത്ത ലേല തീയതി—2-9-2021.

16-12-2013-ലെ 49-ാം നമ്പർ കേരള ഗസറ്റിൽ പേജ് നമ്പർ 815-ലെ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച തിരുവനന്തപുരം സംരക്ഷണവിഭാഗം അസിസ്റ്റന്റ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22-11-2013-ലെ Pro.(5)-26274/2012-ാം നമ്പർ വിജ്ഞാപനപ്രകാരമുള്ള ലേലവ്യവസ്ഥകളും നിലവിലുള്ള മറ്റു വിവരങ്ങളും ഈ ഇ-ലേലത്തിനും ബാധകമായിരിക്കുന്നതാണ്.

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതെങ്കിലും വാഹനം വിൽക്കാതിരിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർക്കാട് ഡിവിഷനിൽ നിക്ഷിപ്തമായിരിക്കും. ടി ഇ-ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ മേൽ പറഞ്ഞ നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ടു തലേ ദിവസം വൈകിട്ട് 6 മണിക്ക് മുമ്പായി അടച്ചിരിക്കണം. ഈ തുക MSTC-ക്ക് ഓൺലൈൻവഴി ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഒടുക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

വിജയിക്കുന്ന ലേലക്കാരൻ ഇ-ലേല തുകയുടെ 50% വരുന്ന തുക (EMD കഴിച്ച് ബാക്കി) ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെയോ മണ്ണാർക്കാട് സബ്ട്രഷറിയിൽ പണമായോ അടയ്ക്കേണ്ടതാണ്. വിജയിയായ ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജി. എസ്. റ്റി. യഥാസമയം അടയ്ക്കേണ്ടതുണ്ട്.

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേലപ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ഇ-ലേല പ്രമാണത്തോടൊപ്പം സ്കാൻ ചെയ്ത ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ തുറക്കുന്നതിനുമുൻപ് സമർപ്പിക്കാത്തതുമായ ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതുമാണ്. ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC-ൽ നിന്നോ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ് ഡെസ്കിൽ നിന്നോ ഓഫീസ് സമയത്ത് ഈ ഓഫീസിൽ നിന്നോ/അഗളി/അട്ടപ്പാടി റെയിഞ്ചാഫീസുകളിൽ നിന്നോ അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (ലേലക്കാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ഇ-ലേലത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ലേലക്കാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവെയ്ക്കുന്നതിനോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-ലേല പ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി വാഹനങ്ങളുടെ ഗുണനിലവാരം നേരിൽ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഈ വിജ്ഞാപന തീയതിക്ക് മുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും. മുകളിൽ കാണിച്ചിരിക്കുന്ന തീയതിയിൽ നടക്കുന്ന ഇ-ലേലത്തിൽ വിറ്റ് പോകാത്ത വാഹനങ്ങൾ മുകളിൽ കാണിച്ചിരിക്കുന്ന അടുത്ത ലേല തീയതിയിൽ തന്നെ ഇ-ലേലം നടത്തുന്നതാണ്. ഇതിനായി മറ്റൊരു ഇ-ലേല പരസ്യം പ്രസിദ്ധപ്പെടുത്തുന്നതല്ല.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ (ഫോൺ: 04924-222574), അഗളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് (ഫോൺ-8547602309) കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

No. A2-7395/2016. *26th July 2021.*

The following condemned/confiscated vehicles will be offered for sale by e-auction on 27th February 2020 through MSTC. Those who registered for auction with MSTC company only can have the right to participate in e-auction. Further details can be had from the website www.mstcsecommerce.com or Phone No. 04924222574/8547602309/8547602308.

Schedule

| *Sl.No.* | *Type of Vehicle* | *Reg. No.* | *EMD* (₹) | *Remarks* |
|---|---|---|---|---|
| 1 | Chevrolet Beat LS Car | TN41-AB-9894 | 2,125 | Confiscated vehicle under 61 (A) |
| 2 | TATA ACE | KL-50-6815 | 1,200 | |
| 3 | TATA ACE | KL-50-6816 | 1,100 | |
| 4 | Hundai Santro Car | KL-09-AD-9239 | 500 | |
| 5 | Bajaj Pulsar Motor Cycle | KL-50C-5271 | 540 | |
| 6 | Yamaha Raz | KL-50G-589 | 975 | |
| 7 | Yamaha Raz | KL-50-F-2410 | 750 | |
| 8 | Bajaj Platina Bike | KL-52-8576 | 175 | |
| 9 | Maruti Alto Car | KL-50-H-8824 | 8,625 | |
| 10 | Maruti Ertiga | KL-13-AA-313 | 11,750 | |

Date from which the relevant documents of e-aution will be available in the website—2-8-2021.

Date from which the bidders can be participate in the e-auction—6-8-2021.

Next auction date—17-8-2021.

Third auction date—2-9-2021.

The sale will be subjected to the conditions notified Page No. 815 of 49th Gazette dated 16-12-2013 published by Additional Principal Chief Conservator of Forests (Pro.), Thiruvananthapuram vide Letter No. Pro.(5)26274/12 dated 22-11-2013. The existing rules and sale conditions are also applicable to this e-auction.

The Divisional Forest Officer, Mannarkkad reserves all the right to exclude any other vehicles shown in the schedule above for sale. EMD amount for vehicle can be remitted through online payment system to MSTC by 6 p. m. on the previous day of the e-auction. The buyer registration number has to be mentioned while paying the EMD. If the sale value of vehicle is not paid within the specified time period against any of the bid lot by the H1 bidder, the EMD will be forfeited.

The successful bidder, 50% of the bid value after adjusting the EMD already remitted shall be paid within 7 working days of issuance of acceptance letter. The mode of payment is through e-treasury of Government of Kerala or by cash in Sub Treasury, Mannarkkad. The successful bidder shall be paid the GST within time.

E-Auction document and connected records are available in the website: www.mstcecommerce.com. All bids/ e-auction documents are to be submitted online only and in the designated online cover(s) on the www.mstcecommerce.com website and e- auction document submitted manually/through post will not be entertained.

Online e-auction bids are to be accompanied with relevant documents. e-auction/bids received online without the scanned copies of relevant documents will not be considered and shall be summarily rejected. Any further clarification on this e-auction can be obtained from NIC/the e-auction help desk number available in the www.mstcecommerce.com. website and from the Office of the Divisional Forest Officer, Mannarkkad/Office of the Agali/Attappady Range Forest

Officer during the office hours. The details regarding e-payment (Bidder's Bank account number, where he/she is having core banking facility and e-mail ID) should be submitted along with the e-auction document. e-Auction documents without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers. The Forest department will not be responsible for any inconvenience or loss to the bidder while uploading/ downloading the bid.

The bidders who wished to participate in the e-auction should produce a certificate showing the permanent address and signature of the bidders duly attested by the concerned Village Officer, or any other approved identity document along with the EMD through online. Those who do not produce any approved identity card or certificate will not be eligible to participate in the e-auction.

Intending persons may ensure the quality of the above vehicles put up for e-auction before the commencement of the same and no complaints will be entertained after e-auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this tender cum auction. The unsold vehicles will be sold on the next auction date shown above and separate notification will not be published for the same.

If any modifications or change in the sale conditions are intimated by the Additional Principal Chief Conservator of Forests (Pro.), Thiruvananthapuram that will also be applicable to this e-auction. The undersigned reserves the right to alter the number of vehicles mentioned above schedule or to cancel the e-auction of any vehicle without further notice.

Further details and information can be had from Divisional Forest Officer, Mannarkkad (Phone:04924-222574) or Range Office, Agali (Phone: 8547602309) during working hours.

(Sd.)
Divisional Forest Office, *Divisional Forest Officer.*
Mannarkkad. (For and on behalf of the Governor of Kerala)

---

## നോർത്ത് വയനാട് ഡിവിഷൻ, മാനന്തവാടി

ദർഘാസ് പരസ്യം

നമ്പർ ഡി–2654/2021. 2021 ജൂലൈ 28.

നോർത്ത് വയനാട് ഡിവിഷന്റെ പരിധിയിൽ വരുന്ന സ്ഥലത്ത്, നിർവ്വഹിക്കപ്പെടുവാനുദ്ദേശിക്കുന്നതും താഴെ വിവരിക്കപ്പെടുന്നതുമായ ജോലി ചെയ്യുന്നതിനായി 2021 ആഗസ്റ്റ് 24–ാം തീയതി പകൽ 3 മണിവരെ വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 'C' ക്ലാസ്സ് ഫോറസ്ട്രി കോൺട്രാക്ടർ/ പി.ഡബ്ല്യു.ഡി. 'D' ക്ലാസ്സ് കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ളതും പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ളതുമായ മുദ്രവെച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസ് ഫോറങ്ങൾ നിശ്ചിതവിലയ്ക്ക് അന്നേദിവസം ഉച്ചയ്ക്ക് 1 മണി വരെ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റാഫീസിൽ നിന്നും ലഭിക്കുന്നതാണ്. അംഗീകൃത കരാറുകാരെന്ന് തെളിയിക്കുന്ന രജിസ്ട്രേഷൻ കാർഡ് അസ്സൽ ഹാജരാക്കി ബോദ്ധ്യപ്പെടുത്തിയതിന് ശേഷമേ ദർഘാസ് ഫോറങ്ങൾ നൽകുകയുള്ളൂ. ടെണ്ടർ ഫോറത്തിന് ഒടുക്കിയ വില ഒരു കാരണവശാലും മടക്കിതരുന്നതല്ല.

ദർഘാസ് ഫോറങ്ങൾ ദർഘാസ് ദിവസം വൈകുന്നേരം മൂന്ന് മണിവരെ സ്വീകരിക്കുന്നതും അന്നേദിവസം വൈകുന്നേരം 3.30–ന് അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ഡിവിഷണൽ ഫോറസ്റ്റാഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ തുറക്കുന്നതും, കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന കരാറുകാരന് ടെണ്ടർ താൽക്കാലികമായി അനുവദിക്കുന്നതുമാണ്. ദർഘാസിനൊപ്പം നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം ഒടുക്കിയതിന്റെ രേഖകളും അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസറിൽ നിക്ഷിപ്തമായിരിക്കും. നിശ്ചിത സമയത്തിന് ശേഷം ദർഘാസ് ഫോറങ്ങൾ വിൽക്കപ്പെടുന്നതോ, പൂരിപ്പിച്ച ദർഘാസ് ഫോറങ്ങൾ സ്വീകരിക്കപ്പെടുന്നതോ അല്ല. പ്രവൃത്തി അനുവദിച്ചു കിട്ടുന്ന കരാറുകാരൻ ഉടമ്പടി തീയതി മുതൽ 3 മാസത്തിനുള്ളിൽ പ്രസ്തുത ജോലികൾ പൂർത്തീകരിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ മേൽപ്പറഞ്ഞ ദിവസം പൊതു ഒഴിവു ദിവസമായി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും സ്ഥലത്തും വെച്ച് ടെണ്ടർ നടത്തപ്പെടുന്നതാണ്.

18–8–2021–ന് ടി ജോലിക്ക് ആരും ടെണ്ടർ സമർപ്പിക്കാതിരുന്നാൽ ടി ടെണ്ടർ 24–8–2021–ാം തീയതി ഇതേ സ്ഥലത്തും സമയത്തും വച്ചു നടത്തുന്നതായിരിക്കും. 24–8–2021–ന് ടി ജോലിക്ക് ആരും ടെണ്ടർ സമർപ്പിക്കാതിരുന്നാൽ ടി ടെണ്ടർ 25–8–2021–ാംതീയതി ഇതേ സ്ഥലത്തും സമയത്തും വച്ചു നടത്തുന്നതായിരിക്കും. ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ വിവരിക്കുന്നു.

പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും—ബേഗൂർ റെയിഞ്ചിലെ തൃശ്ശിലേരി സെക്ഷനിലെ ചാത്തനാട് ഭാഗത്ത് ആനപ്രതിരോധ കിടങ്ങിന്റെ അറ്റകുറ്റപണി— ₹ 3,26,000

നിരതദ്രവ്യം — ₹ 4,890

ദർഘാസ് ഫോറത്തിന്റെ വില—₹ 740

കരാറുകാരന്റെ യോഗ്യത—'D' ക്ലാസ്സും ഉപരിയും/ ഫോറസ്ട്രി കോൺട്രാക്ടർ, 'C' ക്ലാസ്സും ഉപരിയും.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, വയനാട്.

നരേന്ദ്ര ബാബു, എസ്. ഐ.എഫ്.എസ്.,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.
(കേരള ഗവർണ്ണർക്കുവേണ്ടി)



Salim A Digitally signed by Salim A
Date: 2021.09.22 14:59:50
+05'30'